**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **03-02-2026 - ൽ മറുപടിയ്ക്ക്**

**പിഎം ശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | പി. എം. ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പ് വച്ചു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ കേരളം (SSK) പദ്ധതി 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഈ പദ്ധതിക്ക് 2023-24 വർഷം രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിച്ചതിനു ശേഷം പ്രസ്തുത വർഷം ലഭിക്കേണ്ട ബാക്കി രണ്ടു ഗഡു കേന്ദ്ര വിഹിതവും 2024-25 വർഷം ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം പൂർണമായും കേന്ദ്ര സർക്കാർ അനുവദിച്ചില്ല. 2025-26 വർഷവും ലഭിക്കേണ്ട കേന്ദ്ര വിഹിതവും 2025 ഒക്ടോബർ 23 വരെ ഒരു തുകയും ലഭിച്ചില്ല. മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാമെന്നുള്ള ധാരണാപത്രം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനം ഒപ്പിടാത്തതിനാലാണ് എസ്.എസ്.കെ. പദ്ധതിക്കു ലഭിക്കേണ്ട കേന്ദ്ര വിഹിതം തടഞ്ഞുവച്ചത്. ഇതുകാരണം എസ്.എസ്.കെ. ജീവനക്കാരുടെ ശമ്പളം, കുട്ടികൾക്ക് ലഭിക്കാനുള്ള സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഭിന്നശേഷി വിഭാഗം കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ, വിവിധ ആനുകൂല്യങ്ങൾ. ട്രാൻസ്പോർട്ട് അലവൻസ്, റസിഡൻഷ്യൽ ഹോസ്റ്റലുകളിലെ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, പഠന പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കുവരെ പ്രയാസം നേരിട്ട സാഹചര്യത്തിൽ ബൃഹത്തായ പദ്ധതിയായ സമഗ്ര ശിക്ഷാ കേരളത്തിന് രണ്ട് വർഷത്തെ കേന്ദ്രവിഹിതത്തിന്റെ കുടിശികയും 2025-26 |

| | | | |
|---|---|---|---|
| | | | വർഷത്തെ കേന്ദ്രവിഹിതവും ലഭിക്കുന്നതിനു വേണ്ടി പി. എം. ശ്രീ പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭ ഉപസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പദ്ധതിയിൽ നിന്നും പിന്മാറിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | പി. എം. ശ്രീ പദ്ധതി നിലവിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | പിഎം ശ്രീ പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ വിശദാംശം നൽകാമോ; | (സി) | പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധന ആവശ്യമായതിനാൽ ആ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി ക്യാബിനറ്റിന് മുൻപാകെ സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കൂ എന്നും, അതുവരെ പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും, 12/11/2025 തീയതിയിലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തീരുമാനം കൈക്കൊണ്ടതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ